കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം – 695 001
ഫോൺ 0471 – 2331159, 2330558
Email : cei@ceikerala.gov.in

An IS 15700 : 2005 Certified Department

നമ്പർ :ബി2-2174/2018/സി.ഇ.ഐ തീയതി: 20/08/2018

## സർക്കുലർ

സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയോടനുബന്ധിച്ച് ദുരന്ത ബാധിത മേഖലകളിൽ ഉൾപ്പെട്ട ഗാർഹിക, വാണിജ്യ, വ്യാവസായിക മേഖലയിലെ എല്ലാ വൈദ്യുത പ്രതിഷ്ഠാപനങ്ങളും പരിശോധിക്കേണ്ടതും, അവയുടെ സ്ഥിതിഗതികൾ വിലയിരുത്തി, വൈദ്യുത പ്രതിഷ്ഠാപനങ്ങൾ പുന:സ്ഥാപിക്കുന്നതിനു മുമ്പ് ചെയ്യേണ്ടുന്ന സുരക്ഷാ നിർദ്ദേശങ്ങൾ എല്ലാവർക്കും നൽകേണ്ടതുമാണ്. വൈദ്യുത പ്രതിഷ്ഠാപനങ്ങൾ പരിശോധിക്കുന്നതിനു വേണ്ടി ഓഫീസിലെ എല്ലാ സാങ്കേതിക ജീവനക്കാരേയും ഉൾപ്പെടുത്തി പല ടീമുകളായി വിഭജിച്ച് സേവനം ലഭ്യമാക്കേണ്ടതാണ്. പ്രളയ ബാധിത ദുരിതങ്ങൾ കൂടുതലായുള്ള ജില്ലകളിലേക്ക് സമീപ ജില്ലകളിലെ ഈ വകുപ്പിൽ നിന്നുമുള്ള ജീവനക്കാരുടെ സേവനം ലഭ്യമാക്കിക്കൊണ്ട് പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് വയർമാൻമാർ, കെൽക്കോൺ, ഗവൺമെന്റ് ഇലക്ട്രിക്കൽ കോൺട്രാക്ടർ എന്നിവരുടെ അസ്സോസ്സിയേഷനിലെ മെമ്പർമാരുടെ നേതൃത്വത്തിൽ എല്ലാ ഗവൺമെന്റ് ഐ.റ്റി.ഐ, ഡിപ്ലോമ വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ദ്രുതകർമ്മ സേന രൂപീകരിച്ച് ദുരന്ത മേഖലയിലെ വീടുകളിലെ വൈദ്യുത സുരക്ഷ ഉറപ്പാക്കേണ്ടതാണ്.

മേൽ വിവരങ്ങൾ സർക്കാരിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന റവന്യൂ വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരെ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് ജില്ലാ ഓഫീസിലെ ഒരു ഉദ്യോഗസ്ഥനെ അതാതു ജില്ലകളിലെ കോ-ഓർഡിനേറ്ററായി ചുമതലപ്പെടുത്തേണ്ടതും ടി. ഉദ്യോഗസ്ഥന്റെ ഫോൺ നമ്പർ, മറ്റു വിവരങ്ങൾ എന്നിവ ബന്ധപ്പെട്ടവർക്ക് നൽകേണ്ടതുമാണ്. ദുരന്ത ബാധിത മേഖലകളിലെ പ്രവർത്തനങ്ങൾ അവസാനിക്കുന്നതുവരെ ഓഫീസിലെ എല്ലാ ജീവനക്കാരും അതാതു ഓഫീസിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും നിർബന്ധമായും ഹാജരാകേണ്ടതാണ്. ഓഫീസിലെ നിലവിലുള്ള ദൈനംദിന ജോലികളോനുബന്ധിച്ചുള്ള യാത്ര പരിപാടികൾ അനുവദിക്കുന്നതല്ല. ഇത് ബന്ധപ്പെട്ട മേലധികാരി ഉറപ്പു വരുത്തേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്. ദിവസേനയുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ഇ-മെയിൽ മുഖാന്തിരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ.

എല്ലാ ജില്ലാ ഓഫീസുകൾക്കും